(ഇ) എങ്കിൽ വിധിയുടെ അടിസ്ഥാനത്തിൽ പെൻഷൻ കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാർദ്ധക്യകാല പെൻഷൻ അർഹതയുള്ള കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയായി നിശ്ചയിച്ചത് ഗുണഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുകയും കൂടാതെ പെൻഷൻ തുക വർദ്ധിപ്പിച്ചതും കുടിശ്ശിക തീർത്ത് പെൻഷൻ വിതരണം നടത്തുന്നതിന് തടസ്സമായിട്ടുണ്ട്.

(സി-ഇ) ആലപ്പുഴ ജില്ലയിലെ താമരക്കുളം പഞ്ചായത്തിലെ 84 പേർക്ക് പെൻഷൻ നൽകണമെന്നാവശ്യപ്പെട്ട് മനുഷ്യാവകാശ കമ്മീഷനിൽ പരാതി നൽകിയിരുന്നു. മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 84 പേർക്കും 7/14 മുതൽ 2/2015 വരെയുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

283 (3263) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഇപ്പോൾ നൽകിവരുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകളിൽ ഓരോന്നും എത്ര തവണ വീതം കുടിശ്ശികയായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

അഗതി മന്ദിരങ്ങൾ

284 (3264) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന അഗതിമന്ദിരങ്ങൾക്ക് സർക്കാർ ഗ്രാന്റായി എത്ര തുകയാണ് നൽകുന്നത് ;

(ബി) 2012-13, 2013-14 വർഷത്തെ ഗ്രാന്റ് ഇത്തരം സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ ;

(സി) ഈ ഇനത്തിൽ എത്ര തുക കുടിശ്ശികയായി നൽകാനുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly